പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2710

17.10.2016 ൽ
മറുപടിക്ക്

**സൈബർ കേസുകൾ**

ചോദ്യം

**ശ്രീ.എ.പി. അനിൽ കുമാർ**
**,, വി.ഡി.സതീശൻ**
**,, അടൂർ പ്രകാശ്**
**,, കെ.സി.ജോസഫ്**

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും ആസൂത്രണം ചെയ്തിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ നടപ്പിൽ വരുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(എ) യും (ബി) യും: ജില്ലകളിൽ സൈബർ സെല്ലുകളും, സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി സൈബർ പോലീസ് സ്റ്റേഷനും കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നുണ്ട്. സൈബർ സെല്ലുകൾ മുഖാന്തിരം സംഘടിപ്പിച്ച വരുന്ന ക്ലാസുകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച ബോധവൽക്കരണം നടത്തി വരുന്നുണ്ട്. ഓൺലൈൻ തട്ടിപ്പ് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ശക്തമായി നിരീക്ഷണം നടത്തി വരുന്നതും, മൊബൈൽഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ എന്നിവ വഴി വരുന്ന വ്യാജ സന്ദേശം സംബന്ധിച്ച വിവരം ഉടനടി പോലീസിനെ അറിയിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി വരുന്നുണ്ട്. ഇത്തരം വ്യാജ സന്ദേശങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വഴിയും മറ്റ് മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ച വരുന്നു. കൂടാതെ തിരുവനന്തപുരം ആസ്ഥാനമായി കേരള പോലീസ് സൈബർ ഡോം എന്ന പേരിൽ ഒരു സൈബർ റിസർച്ച് സെന്റർ പ്രവർത്തിച്ച വരുന്നു.

(സി) സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി) സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ച വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ